# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3 06.01.2014-ൽ മറുപടി നൽകേണ്ടിയിരുന്നത്**

**ജുഡീഷ്യൽ അന്വേഷണം നടത്തുന്നതിനുള്ള മാനദണ്ഡങ്ങളും സാഹചര്യങ്ങളും**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന്<br>ശ്രീ. പി. ഉബൈദുള്ള<br>ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി<br>ശ്രീ. പി. കെ. ബഷീർ | ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) 1952-ലെ കമ്മീഷൻ ഓഫ് എൻക്വയറി ആക്ട് പ്രകാരം ജുഡീഷ്യൽ അന്വേഷണം നടത്തുന്നതിനുള്ള മാനദണ്ഡങ്ങളും സാഹചര്യങ്ങളും എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | (എ) ഒരു പൊതു പ്രാധാന്യമുള്ള വിഷയത്തിൽ 1952-ലെ കമ്മീഷൻ ഓഫ് എൻക്വയറി ആക്ട് പ്രകാരം ഒരു ജുഡീഷ്യൽ അന്വേഷണം അവശ്യമായ വിഷയമാണ് എന്ന് സർക്കാരിന് തോന്നുന്ന പക്ഷവും ഇപ്രകാരമുള്ള കമ്മീഷനെ നിയമിക്കണമെന്ന പ്രമേയം നിയമസഭ പാസാക്കുന്ന സാഹചര്യത്തിലും സർക്കാരിന് 1952-ലെ കമ്മീഷൻ ഓഫ് എൻക്വയറി ആക്ട് അനുസരിച്ച് കമ്മീഷനെ നിയമിക്കാവുന്നതാണ്. |
| ബി) നിലവിൽ പ്രസ്തുത നിയമപ്രകാരം അന്വേഷണത്തിന് ഉത്തരവായിട്ടുള്ള ഏതെല്ലാം വിഷയങ്ങളുണ്ടെന്ന് വിശദമാക്കുമോ ; പ്രസ്തുത അന്വേഷണം നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണോയെന്ന് വ്യക്തമാക്കുമോ ; | (ബി) സോളാർ തട്ടിപ്പും അതുമായി ബന്ധപ്പെട്ട സാമ്പത്തിക ഇടപാടുകളും സംബന്ധിച്ച് ജസ്റ്റിസ് (റിട്ട.) ശ്രീ. ജി. ശിവരാജനെ അന്വേഷണ കമ്മീഷനായി നിയമിച്ചു കൊണ്ട് ആഭ്യന്തര വകുപ്പ്,സംസ്ഥാനത്ത് നിരന്തരം ഉണ്ടായിക്കൊണ്ടിരിക്കുന്ന വാഹനാപകടങ്ങൾ സംബന്ധിച്ച അന്വേഷണം നടത്തി അപകടങ്ങൾക്കുള്ള യഥാർത്ഥ കാരണങ്ങൾ കണ്ടെത്തുന്നതിനും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും വേണ്ടി ജസ്റ്റിസ് (റിട്ട.) ശ്രീ. റ്റി. കെ. ചന്ദ്രശേഖരദാസിനെ അന്വേഷണ കമ്മീഷനായി നിയമിച്ചുകൊണ്ട് ഗതാഗത വകുപ്പും വിജ്ഞാപനം പുറപ്പെടുവിച്ചി ട്ടുണ്ട്. |
| സി) സൗരോർജ്ജ തട്ടിപ്പിനെക്കുറിച്ചുമാത്രം ജുഡീഷ്യൽ അന്വേഷണം നടത്തുന്നതിനിടയായ ഔചിത്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ സാഹചര്യം വിശദമാക്കുമോ; | (സി) സോളാർ തട്ടിപ്പും അതുമായി ബന്ധപ്പെട്ട സാമ്പത്തിക ഇടപാടുകളും സംബന്ധിച്ച് അന്വേഷിക്കുന്നതിന് ഒരു അന്വേഷണ കമ്മീഷനെ നിയമിക്കേണ്ടത് ആവശ്യമാണെന്ന് കേരള സർക്കാരിന് അഭിപ്രായം ഉള്ളതിനാൽ പ്രസ്തുത വിഷയത്തിൽ 1952-ലെ കമ്മീഷൻ ഓഫ് എൻക്വയറി ആക്ട് അനുസരിച്ചാണ് കമ്മീഷനെ നിയമിച്ചിട്ടുള്ളത് |

ഡി) സംസ്ഥാനത്ത് നടക്കുന്ന തട്ടിപ്പുകളെയും അവയിലേയ്ക്ക് നയിക്കുന്ന സാഹചര്യങ്ങളെയും അതിനുള്ള പ്രതിവിധികളെയും കുറിച്ച് അന്വേഷിക്കുന്നതിനും സുവ്യക്തവും പ്രായോഗികവുമായ ശുപാർശകൾ സമർപ്പിക്കുന്നതിനും സഹായകരമായവിധത്തിൽ നിലവിലെ കമ്മീഷന്റെ അന്വേഷണ പരിധി വിപുലപ്പെടുത്തുമോ ?

(ഡി) സോളാർ തട്ടിപ്പ്, അനുബന്ധ സാമ്പത്തിക ഇടപാടുകൾ എന്നിവ സംബന്ധിച്ച് കേരള നിയമസഭയ്ക്കുള്ളിലും പുറത്തും ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണങ്ങളിൽ എന്തെങ്കിലും അടിസ്ഥാനമുണ്ടോ, ഉണ്ടെങ്കിൽ എന്താണ്, ആരൊക്കെയാണ് അതിന് ഉത്തരവാദികൾ, തെറ്റായ വാഗ്ദാനം നല്കി ജനങ്ങളെ വ്യാപകമായി വഞ്ചിക്കുകയും കബളിപ്പിക്കുകയും ചെയ്യുന്നത് തടയാനും അവർക്കെതിരെ നടപടികൾ സ്വീകരിക്കാനും ഇന്ന് നിലവിലുള്ള നിയമങ്ങളും സംവിധാനങ്ങളും പര്യാപ്തമാണോ, ഇല്ലെങ്കിൽ ഇത്തരം കബളിപ്പിക്കലും വഞ്ചനയും ഇല്ലാതാക്കാൻ ശക്തമായ നിയമനിർമ്മാണവും ഉചിതമായ മറ്റു നടപടികളും സ്വീകരിക്കുന്നതിലേയ്ക്ക് ആവശ്യമായ നിർദ്ദേശങ്ങൾ എന്തൊക്കെയാണ്, മേൽ പരാമർശിച്ചിട്ടുള്ളതുപോലുള്ള സാമ്പത്തിക തട്ടിപ്പുകൾക്ക് വിധേയരാകുന്നവർക്ക് നഷ്ടപ്പെട്ട തുക തിരിച്ചു കിട്ടുന്നതിന് സ്വീകരിക്കാവുന്ന നടപടികളെക്കുറിച്ചുള്ള നിർദ്ദേശങ്ങളും ഈ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ ഉൾപ്പെടുന്നു.

സെക്ഷൻ ഓഫീസർ